## പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2060 — 12.02.2013 ന് മറുപടിയ്ക്ക്.

### ഗ്രീൻ പാസ്സ്പോർട്ട് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.ആർ.സെൽവരാജ് | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ഗ്രീൻ പാസ്സ്പോർട്ട് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (എ)<br>1. പൊതുജനങ്ങളിൽ, പ്രത്യേകിച്ചും വിദ്യാർത്ഥികളിൽ പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ താല്പര്യം ജനിപ്പിക്കുക.<br>2. വനപ്രദേശങ്ങൾ സന്ദർശിക്കുന്ന; പ്രകൃതി സംരക്ഷണത്തിൽ താല്പര്യമുള്ളവർക്ക് അത്തരം പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെടുവാനുള്ള സന്ദർഭം സൃഷ്ടിക്കുക.<br>3. ഗ്രീൻ പാസ്സ്പോർട്ട് കൈവശം ഉള്ള വ്യക്തിക്ക് താൻ സന്ദർശിച്ച വനപ്രദേശങ്ങളെക്കുറിച്ചും പങ്കെടുത്ത വനസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ചും വനംവകുപ്പ് സാക്ഷ്യപ്പെടുത്തിയ ഒരു രേഖ സൂക്ഷിക്കുവാനുള്ള അവസരം സൃഷ്ടിക്കുക. |
| (ബി) വനം സംരക്ഷണ പ്രവർത്തനങ്ങളിൽ ഈ സംവിധാനം എത്രമാത്രം പ്രയോജനപ്പെടുത്തു-വാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (ബി) ഈ സംരഭത്തിന് പ്രചുരപ്രചാരം കൊടുത്ത് പൊതുജനങ്ങളേയും, വിദ്യാർത്ഥികളേയും വനസംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുവാനും അവരുടെ സഹകരണം കൂടി പ്രയോജനപ്പെടുത്തി വനസംരക്ഷണ പ്രവർത്തനങ്ങൾ കുറേക്കൂടി കാര്യക്ഷമമാക്കുവാൻ ഉദ്ദേശിക്കുന്നു. |
| (സി) പാസ്സ്പോർട്ട് ആരാണ് നിർമ്മിച്ച് നൽകുന്നത് വിശദമാക്കുമോ; | (സി) പാസ്സ്പോർട്ട് നിർമ്മിച്ച് നൽകുന്നതിനുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) ഓരോ സംരക്ഷിത മേഖലയ്ക്കും പ്രത്യേകം പാസ്സ്പോർട്ടുകൾ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.